©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2009-2011)

## അഞ്ചാമത് റിപ്പോർട്ട്

(2009 ജൂലൈ മാസം 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും
പരിശീലനവും സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2009

പന്ത്രണ്ടാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2009–2011)

അഞ്ചാമത് റിപ്പോർട്ട്
(2009 ജൂലൈ മാസം 22–ാം തീയതി സഭയിൽ സമർപ്പിച്ചത്)

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും
പരിശീലനവും സംബന്ധിച്ച റിപ്പോർട്ട്

838/2009.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii-viii |
| റിപ്പോർട്ട് | .. | 1-13 |
| അനുബന്ധം | .. | 14-17 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
(2009–2011)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

അംഗങ്ങൾ :

ശ്രീ. ജോർജ് എം. തോമസ്

„ എം. ഹംസ

„ വർക്കല കഹാർ

„ കെ. വി. കുഞ്ഞിരാമൻ

„ കെ. പി. മോഹനൻ

„ എ. പ്രദീപ് കുമാർ

„ കെ. കെ. ഷാജു

„ വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

„ കെ. മോഹനകുമാർ, ജോയിന്റ് സെക്രട്ടറി

„ എൻ. കെ. രവികുമാർ, റിസർച്ച് ഓഫീസർ

„ കെ. മുരളീധരൻ നായർ, അണ്ടർ സെക്രട്ടറി.

## ആമുഖം

ബുദ്ധിമാന്ദ്യം ഗുരുതരമായ ഒരു ആരോഗ്യ മാനസിക പ്രശ്നമെന്നതിലുപരി ഗൗരവമായ ഒരു സാമൂഹ്യപ്രശ്നമാണെന്നകാര്യം നാം തിരിച്ചറിഞ്ഞിട്ടില്ല. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രത്യേകമായ സേവനവും സ്നേഹവും പരിചരണവും നൽകുന്നതിന് സമൂഹം വേണ്ടത്ര മുന്നോട്ട് വരുന്നുണ്ട് എന്ന് പറയാൻ കഴിയില്ല. ഇത്തരം അവസ്ഥകൾ പാവപ്പെട്ട കുടുംബങ്ങളിൽ വരുമ്പോൾ ആ കുടുംബത്തിന്റെ സ്ഥിതി ആകെ പരുങ്ങലിലാകും. ഒന്നുകിൽ ചികിത്സയുടെ ഭാഗമായി നിരവധി ചൂഷണങ്ങൾക്ക് വിധേയമായി കൂടുതൽ ദരിദ്രരാകും അല്ലെങ്കിൽ മന്ദബുദ്ധിയെന്ന് മുദ്രകുത്തപ്പെട്ട് ജീവിതകാലം മുഴുവനും വീടിന്റെ ഇരുണ്ട ഇടനാഴികളിൽ കഴിയേണ്ടിവരും. ഗുരുതരമായ ഈ അവസ്ഥയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരിചരണം നൽകുന്നതിനുള്ള പദ്ധതികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമീപകാലത്തായി മുന്നോട്ടുവരുന്നു എന്നുള്ളത് ആശ്വാസകരമായ നടപടിയാണ്. വികസിത രാജ്യങ്ങൾ ഈ മേഖലയിൽ പുതിയ കാഴ്ചപ്പാടോടുകൂടി വളരെ നല്ല മാർഗ്ഗങ്ങൾ അവലംബിച്ച് വരുന്നുണ്ട്.

പത്താം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലും പത്താം സമ്മേളനത്തിലും ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും പരിശീലനവുമായി ബന്ധപ്പെട്ട് സർക്കാർ നിയമസഭയിൽ ഉറപ്പുകൾ നൽകിയിരുന്നു. പ്രസ്തുത ഉറപ്പുകൾ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഗൗരവമായെടുക്കുകയും ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്ന തുടർ നടപടികൾ നിരീക്ഷിച്ച് വരികയും ചെയ്തു. എന്നാൽ അങ്ങേയറ്റം പരിഗണനയും പ്രാധാന്യവും അർഹിക്കുന്ന ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമാണെന്നും ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ പരിശോധിക്കുന്നതിന്റെ ഭാഗമായി സമിതി രണ്ട് തവണ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും കൂടാതെ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കു വേണ്ടി വെങ്ങാനൂർ ഗ്രാമപഞ്ചായത്തും കുടുംബശ്രീയും സഹകരിച്ച് നടത്തുന്ന ബഡ്സ് സ്കൂൾ സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തുകയും ചെയ്തു. ബുദ്ധിമാന്ദ്യമുള്ളവർക്കായി നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കൂടുതലും പട്ടണങ്ങൾ കേന്ദ്രീകരിച്ചും സാധാരണക്കാർക്ക് അപ്രാപ്യവുമായതിനാൽ ഗ്രാമീണമേഖലയിലെ പാവപ്പെട്ടവർക്കുവേണ്ടി പഞ്ചായത്തും കുടുംബശ്രീയും സഹകരിച്ച് നടത്തുന്ന പ്രസ്തുത സംരംഭം ഈ മേഖലയിലെ ഒരു നൂതന കാൽവയ്പാണെന്നും ഇത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും സമിതി വിലയിരുത്തുകയുണ്ടായി. സാധാരണക്കാരിലും വളരെ താണ ബൗദ്ധിക തലത്തിൽ ജീവിക്കുന്നവർക്ക് സാധാരണക്കാരോടൊപ്പമുള്ള ജീവിതം നൽകേണ്ടതും അതിന് പ്രാപ്തിയില്ലാത്ത

വർക്ക് സേവനത്തിന്റെ മർഗ്ഗത്തിലൂന്നിയുള്ള പരിചരണം ലഭ്യമാക്കേണ്ടതും ആധുനിക സമൂഹത്തിന്റെ കടമയാണ്. അതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2009 ജൂലൈ 14-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കുട്ടി അഹമ്മദ് കുട്ടി,

*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
22-7-2009.

## റിപ്പോർട്ട്

1. സാധാരണക്കാരെപ്പോലെ ജീവിക്കുവാൻ കഴിയാത്തവരും സ്വയം ജീവിതമാർഗ്ഗം തേടുവാൻ സാധിക്കാത്തവരുമായ ഹതഭാഗ്യരാണ് ബുദ്ധിമാന്ദ്യം സംഭവിച്ചവർ. അവർ ഇങ്ങനെയായിത്തീർന്നതിന്റെ കാരണം അവരുടെ ബുദ്ധിവികാസത്തിന്റെ തടസ്സമാണ്. ഇവരിൽ ഭൂരിഭാഗത്തിനും ജീവിതകാലം മുഴുവനും പരാശ്രയ ജീവിതമോ അനാഥാലയങ്ങളിലെ അന്തേവാസിത്വമോ ആയിരിക്കും വിധി. തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് ജനനം മുതൽ മരണംവരെ തീരാദുഃഖം അനുഭവിക്കുന്നവർ മനുഷ്യജീവികളിൽ വേറെയുണ്ടോ എന്ന് സംശയമാണ്.

2. ലോകത്തെല്ലായിടത്തും വികസിത-അവികസിതരാജ്യങ്ങൾ എന്ന ഭേദമില്ലാതെ സ്ത്രീപുരുഷ വ്യത്യാസമില്ലാതെ ഒരു ശതമാനം ജനങ്ങളിൽ കാണപ്പെടുന്ന ന്യൂനതയാണ് ബുദ്ധിമാന്ദ്യം. ബുദ്ധിമാന്ദ്യം ഓർമ്മക്കുറവ് ഉണ്ടാക്കുകയും മാനസിക വളർച്ചയെ തടയുകയും അതോടൊപ്പം ശാരീരിക വളർച്ചയെ മന്ദീഭവിപ്പിക്കുകയും ചെയ്യും. ബുദ്ധിമാന്ദ്യമുള്ളവർ പ്രായത്തിനനുസരിച്ചുള്ള അവബോധമില്ലാത്തവരെപ്പോലെ പെരുമാറുന്നു. കാര്യങ്ങൾ മനസ്സിലാക്കുവാനും മുൻപ് ചെയ്ത കാര്യങ്ങൾ ഓർമ്മിക്കുവാനും സാധിക്കാതെവരിക, സർഗ്ഗശക്തി, വിവേചനബുദ്ധി എന്നിവ വേണ്ടത്ര ഉണ്ടാകാതിരിക്കുക, ചിന്തിക്കുവാനും നിഗമനത്തിലെത്തുവാനും സാധിക്കാതെ വരിക, ദിനചര്യകൾ ശീലിക്കുവാൻ സാധിക്കാതെ വരിക, മറ്റുള്ളവരുടെ നിർദ്ദേശങ്ങളോട് പ്രതികരിക്കാതിരിക്കുക, അപകടങ്ങൾ തിരിച്ചറിയാതിരിക്കുക, ഭയമില്ലായ്മ, നിർവികാരത, അനാവശ്യമായ കോപം, വാശി തുടങ്ങിയ വൈകാരിക സ്വഭാവങ്ങൾ ഉണ്ടാകുക, സമൂഹത്തോടൊപ്പം ഇടപഴകാനുള്ള വിമുഖതയും ചെറിയ കുട്ടികളോടൊപ്പം പെരുമാറാൻ താൽപ്പര്യം കാണിക്കുകയും ചെയ്യുക, ശരീരാവയവങ്ങൾ വേണ്ടവിധത്തിൽ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരിക എന്നിവ ബുദ്ധിമാന്ദ്യമുള്ളവരിൽ കണ്ടുവരുന്നുണ്ട്. കൂടാതെ സംസാരവൈകല്യം, ബധിരത, സെറിബ്രൽ പാൾസി, ഓട്ടിസം, മൾട്ടിപ്പിൾ ഡിസ്എബിലിറ്റീസ് തുടങ്ങിയവയും ബുദ്ധിമാന്ദ്യത്തിന്റെ ഭാഗമായി കണ്ടുവരുന്നുണ്ട്.

3. ബുദ്ധിമാന്ദ്യത്തിന്റെ പ്രധാനകാരണം പ്രകൃത്യായുള്ള ബുദ്ധിവികാസം അഥവാ മസ്തിഷ്ക വളർച്ച നടക്കാതെപോകുന്നു എന്നുള്ളതാണ്. പാരമ്പര്യം, പോഷകാഹാരക്കുറവ്, ശിശുക്കൾക്കും ഗർഭസ്ഥ ശിശുക്കൾക്കും ഗർഭാവസ്ഥയിൽ മാതാവിനും ബാധിക്കുന്ന ചില രോഗങ്ങൾ, മസ്തിഷ്കാഘാതം, ഹോർമോൺ തകരാറുകൾ, റേഡിയേഷൻ, ലഹരി വസ്തുക്കളുടെ ഉപയോഗം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, കീടനാശിനി കലർന്ന ഭക്ഷണ സാധനങ്ങൾ, മരുന്നുകളുടെ പാർശ്വഫലങ്ങൾ, പാരിസ്ഥിതിക ആഘാതങ്ങൾ, യുദ്ധക്കെടുതികൾ തുടങ്ങിയ പലകാരണങ്ങളും ബുദ്ധിമാന്ദ്യത്തിന് ഇടവരുത്തുമെന്ന് പറയപ്പെടുന്നു.

4. ലഭ്യമായ കണക്കനുസരിച്ച് 0.5% നും 1% നും ഇടയിൽ കുട്ടികൾ ബുദ്ധിമാന്ദ്യത്തോടുകൂടി ജനിക്കുന്നവരാണ്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സംരക്ഷണം കുടുംബത്തിനും അതിലുപരി സമൂഹത്തിനും ഒരു ബാദ്ധ്യതയായിത്തീരുകയാണ്. ഒരു പരിഷ്കൃത സമൂഹത്തിന് ഇത്തരം സാമൂഹ്യ യാഥാർത്ഥ്യങ്ങൾക്ക് നേരെ പുറംതിരിഞ്ഞ് നിൽക്കുവാൻ സാധിക്കുകയില്ല. ഇവരുടെ ക്ഷേമവും പുനരധിവാസവും ഏതൊരു പരിഷ്കൃത സമൂഹത്തിന്റേയും കടമയാണ്. തങ്ങളുടേതല്ലാത്ത കാരണത്താൽ ബുദ്ധിവൈകല്യം

സംഭവിക്കുന്ന ഇത്തരക്കാർക്ക് സാധാരണ ആളുകളെപ്പോലെ ജീവിക്കാനുതകുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുക എന്നുള്ളത് സാമൂഹ്യപ്രതിബദ്ധതയുള്ള ഏതൊരു ഗവൺമെന്റിന്റെയും ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണ്.

5. ബുദ്ധിമാന്ദ്യത്തിന് കാരണം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. എങ്കിലും ഒരു രോഗാവസ്ഥ എന്ന നിലയിൽ തൃപ്തികരവും ശാസ്ത്രീയവുമായ ചികിത്സാരീതി കണ്ടെത്തുന്നതിന് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് വേണ്ടി പ്രത്യേകമായ ശാസ്ത്രീയ പരിശീലന പ്രവർത്തനങ്ങൾ ഏറെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ബുദ്ധിമാന്ദ്യം ബാധിച്ച കുട്ടി കളെ ചികിത്സിച്ച് മുന്നോട്ടുകൊണ്ടുവരുന്നതിന് സംയോജിതമായ ഒരു സമീപനം വളരെ പ്രയോജനകരമാണ്. എന്നാൽ ബുദ്ധിമാന്ദ്യത്തെക്കുറിച്ചുള്ള ധാരണയിലും ഫലപ്രദമായ പരിശീലന-ചികിത്സാ രീതികളിലും നിലനിൽക്കുന്ന അപര്യാപ്തത മുതലാക്കി വളരെ കൂടുതൽ ചൂഷണം ഈ മേഖലയിൽ നടമാടുന്നുണ്ട്. മാതാപിതാക്കളുടെ നിസഹായാവ സ്ഥയെ ഇക്കൂട്ടർ മുതലെടുക്കുന്നു. വസ്തുനിഷ്ഠവും ശാസ്ത്രീയവുമല്ലാത്ത കാഴ്ചപ്പാ ടുകളും ഫലപ്രാപ്തി തെളിയിക്കപ്പെട്ടിട്ടില്ലാത്ത മരുന്നുകളും വ്യാജ ചികിത്സയുമായി അവർ മാതാപിതാക്കളെ പ്രലോഭിപ്പിച്ച് അവരെ ചൂഷണം ചെയ്യുന്നു. കുട്ടികളുടെ മാറ്റം ആഗ്രഹിക്കുന്നതുമൂലം പാവപ്പെട്ട മാതാപിതാക്കൾ ഇത്തരം ചൂഷണങ്ങൾക്ക് വിധേയരാ വുകയും ചെയ്യുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ ശക്തമായനടപടികൾ സ്വീകരിക്കണമെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു.

6. ബുദ്ധിശക്തിയുടെ തോത് (ഐ.ക്യൂ)അനുസരിച്ച് ബുദ്ധിമാന്ദ്യമുള്ളവരെ നാല് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഐ.ക്യു. എന്നാൽ യഥാർത്ഥമായ വയസ്സും മാനസിക വളർച്ചയും തമ്മിലുള്ള അനുപാതമാണ്. ഒരു സാധാരണക്കാരനായ വിദ്യാർത്ഥിയുടെ ഐ.ക്യു. 100 ആയിരിക്കും. സാധാരണക്കാരുടെ ഐ.ക്യൂ. വ്യതിയാനം 90 മുതൽ 110 ഐ.ക്യു. വരെയാണ്. എന്നാൽ ഐ.ക്യു. 70-ലും കുറഞ്ഞവർ ബുദ്ധിമാന്ദ്യമുള്ളവരായി പരിഗണിക്കപ്പെടുന്നു.

7. 70 നും 50 നും മദ്ധ്യേ ഐ.ക്യൂ. ഉള്ളവർ ലഘുവായ (mild) ബുദ്ധിമാന്ദ്യം സംഭവിച്ചവരും 49 നും 35 നും മദ്ധ്യേ ഐ.ക്യൂ. ഉള്ളവർ മിതമായ (moderate) ബുദ്ധി മാന്ദ്യം സംഭവിച്ചവരും ഐ.ക്യു. 34 നും 20 നും ഇടയിലുള്ളവർ ശക്തമായ (Severe) ബുദ്ധിമാന്ദ്യം സംഭവിച്ചവരും ഐ.ക്യു. 20-ൽ താഴെയുള്ളവർ തീക്ഷ്ണമായ (Profound) ബുദ്ധിമാന്ദ്യം സംഭവിച്ചവരുമാണ്. ഇതിൽ ആദ്യത്തെ രണ്ട് ഗ്രൂപ്പുകൾ (ലഘുവായ ബുദ്ധി മാന്ദ്യം സംഭവിച്ചവരും മിതമായ ബുദ്ധിമാന്ദ്യം സംഭവിച്ചവരും) വിദ്യാഭ്യാസവും പരിശീ ലനവും നൽകാവുന്നവരാണ്. വിദ്യാഭ്യാസ യോഗ്യരായ ഈ ഗ്രൂപ്പിൽപ്പെടുന്നവർക്ക് സ്പെഷ്യൽ സ്കൂളുകളിൽ പരിശീലനം കൊടുത്ത് പ്രാപ്തരാക്കാവുന്നതാണ്. പരിശീലന യോഗ്യരായവർക്ക് വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലുകളിൽ പരിശീലനം കൊടു ക്കാവുന്നതുമാണ്. ഐ.ക്യു. 34 നും 20 നും ഇടയിലുള്ള തീവ്രമായ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും നിരന്തരമായി പരിശീലനം കൊടുത്ത് ഒരു പരിധിവരെ നില മെച്ചപ്പെ ടുത്താവുന്നതാണ്. എന്നാൽ ഐ.ക്യു. 20-ൽ താഴെയുള്ള തീക്ഷ്ണമായ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് വിശേഷ വിദ്യാഭ്യാസവും പരിശീലനവും കൊണ്ട് കാര്യമായ പ്രയോജനം ലഭിക്കുകയില്ല. ഇത്തരക്കാർക്ക് പ്രത്യേക കെയർ ഹോമുകളാണ് അഭികാമ്യമായിട്ടുള്ളത്.



8. പത്താം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1342-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് വിശേഷ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നകാര്യം പരിശോധിക്കുന്നതാണെന്ന് സർക്കാർ നിയമസഭയിൽ ഉറപ്പ് നൽകി യിരുന്നു. കൂടാതെ പത്താം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിടാത്ത 1757-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയിൽ 1995-ലെ കേന്ദ്ര വികലാംഗ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതോടുകൂടി ജില്ലകൾ തോറും ബുദ്ധിമാന്ദ്യമുള്ളവർക്ക് വേണ്ടി സ്ക്കൂളുകൾ ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം ഉണ്ടകുമെന്നും ഉറപ്പ് നൽകി യിരുന്നു.

9. അങ്ങേയറ്റം പ്രാധാന്യവും പരിഗണനയുമർഹിക്കുന്ന പ്രസ്തുത ഉറപ്പുകൾ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി വളരെ ഗൗരവമായി എടുക്കു കയും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന തുടർ നടപടികൾ സൂക്ഷ്മമായി നിരീക്ഷിച്ച് വരികയും ചെയ്തു. പ്രസ്തുത ഉറപ്പുകളിന്മേൽ 5-4-2008-ലെ 11874/എ3/ സാക്ഷേവ. നമ്പർ കത്ത് പ്രകാരവും 6-11-2007-ലെ 13811/എ3/05/ സാക്ഷേ.വ നമ്പർ കത്ത് പ്രകാരവും സാമൂഹ്യക്ഷേമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

10. "ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന പാങ്ങപ്പാറയിലുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിൽ സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് സാധാരണ സർക്കാർ സ്ക്കൂളുകൾ വഴി വിദ്യാഭ്യാസം നൽകുന്നുണ്ട്. ഇതി നായി പരിശീലനം സിദ്ധിച്ച അദ്ധ്യാപകരും പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ളവരുടെ പുനരധിവാസം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ഏജൻസി കളുമായി ചേർന്ന് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ സെമിനാറുകൾ ബോധവൽക്കരണ പരിപാടികൾ, പരിശീലനം എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിൽ മന്ദബുദ്ധികളായ കുട്ടികൾക്ക് സോപ്പ് നിർമ്മാണം,സോപ്പുപൊടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പ്രാണിത്തിരി നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, സ്ക്രീൻ പ്രിന്റിംഗ്, കവർമേക്കിംഗ്, കൃഷി എന്നീ വിവിധ തൊഴിലുകളിൽ പരിശീലനം നൽകിവരുന്നുണ്ട്.

11. ഇതുകൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൻ എന്ന സ്ഥാപനം കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 4 നും 16 നും ഇടയിൽ പ്രായമുള്ള 50 കുട്ടികളെ സംരക്ഷിച്ച് വരുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിവർഷം ഒരു കുട്ടിക്ക് 900 രൂപ നിരക്കിൽ സ്ക്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പഠനവും മറ്റ് കാര്യങ്ങളും 18-1-2005-ലെ സ.ഉ(എം.എസ്)നമ്പർ 18/2005/പൊ.വി.പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അത്തരം സ്ഥാപ നങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറെ (അക്കാദമിക്ക്) കോമ്പിറ്റന്റ് അതോറിറ്റിയായി നിയമിക്കുകയും തദടിസ്ഥാന ത്തിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള സ്ക്കൂളുകൾക്ക് അംഗീകാരവും നല്കുന്നുണ്ട്. രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി നല്കുന്നുണ്ട്. പാഠ്യപദ്ധതി, മേളകൾ എന്നിവയുടെ കാര്യത്തിലും ഏകീകൃതരൂപം വന്നിട്ടുണ്ട്.

12. 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സംയോജിത വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് സാധാരണ സ്കൂളുകളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച ഓരോ കുട്ടിക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി 400 രൂപ, യൂണിഫോം അലവൻസ് 200 രൂപ, ട്രാൻസ്പോർട്ട് അലവൻസ് 500 രൂപ.

13. ഇത്തരം സ്ഥാപനങ്ങളുടെ മേൽനോട്ടം ത്രിതല പഞ്ചായത്തുകൾക്ക് വന്നതോടുകൂടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ അനുകൂലമായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗം പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ ഉൾപ്പെടെയുള്ള ആകെ പദ്ധതിവിഹിതത്തിന്റെ 5 ശതമാനം തുക, ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങളുടെ പ്രത്യേക പദ്ധതിക്ക് വകയിരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്."

14. "ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്പെഷ്യൽ സ്കൂളുകളുടെ ഭരണനിയന്ത്രണവും അക്കാദമിക്ക് കാര്യങ്ങളും ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരിക്കുകയാണ്. പ്രസ്തുത വകുപ്പിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് ബുദ്ധിമാന്ദ്യമുള്ളവർക്കു വേണ്ടി നിലവിൽ ഏകദേശം 200 ഓളം സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവമുള്ള പൊതുമാനദണ്ഡം ഉണ്ടാക്കുന്നകാര്യവും പരിഗണനയിലുണ്ട്. ഇത്തരം കുട്ടികളെ സാധാരണ വിദ്യാലയങ്ങളിൽ പഠിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും നിലവിൽ പദ്ധതികളുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ സി.എച്ച്.മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡിക്യാപ്പ്ഡും പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ എല്ലാ ജില്ലയിലേയും ബുദ്ധിമാന്ദ്യം ഉള്ളവരുടെ കാര്യം പരമാവധി പരിഹരിക്കപ്പെടുമെന്ന് കരുതുന്നു. "

15. പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച സമിതി, ബുദ്ധിമാന്ദ്യമുള്ളവരുടെ എണ്ണം സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തി. തുടർന്ന് ഈ വിഷയത്തിലുള്ള തുടർ നടപടി എന്ന നിലയിൽ സമിതി രണ്ട് തവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന ബഡ്സ് സ്ക്കൂൾ സന്ദർശിച്ച് ബന്ധപ്പെട്ട അധികൃതരുമായി ചർച്ചകൾ നടത്തുകയും ചെയ്തു.

16. ബുദ്ധിമാന്ദ്യമുള്ളവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ യഥാർത്ഥ സ്ഥിതി വിവരക്കണക്ക് സർക്കാരിൽ ലഭ്യമല്ല. അതോടൊപ്പം ഇത്തരക്കാരുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന വിവിധ സംരംഭങ്ങളെക്കുറിച്ച് സർക്കാരിന് വ്യക്തമായ അറിവില്ലെന്നകാര്യം വസ്തുതയായി നിലനിൽക്കുന്നു. ഇത് ഇവർക്കായുള്ള ക്ഷേമ പദ്ധതികൾ ശാസ്ത്രീയമായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. ആയതിനാൽ കുടുംബശ്രീയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും ഉൾപ്പെട്ട ഒരു സംഘം രൂപീകരിച്ച് ബുദ്ധിമാന്ദ്യമുള്ളവരെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭങ്ങളെക്കുറിച്ചും സമഗ്രമായ സർവ്വേ ഓരോ മൂന്ന് വർഷം കൂടുമ്പോഴും ജനുവരി 1 മുതൽ 15 ന് പൂർത്തിയാക്കുന്ന വിധത്തിൽ സമയബന്ധിതമായി നടത്തി കണക്കുകൾ ക്രോഡീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാന ബജറ്റിൽ പ്രത്യേകം തുക അനുവദിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.



17. വികലാംഗരിൽ നിന്നു തികച്ചും വ്യത്യസ്തരാണ് ബുദ്ധിമാന്ദ്യം സംഭവിച്ചവർ. ഐ.ക്യു. അടിസ്ഥാനമാക്കി നാല് ഗ്രൂപ്പുകളായി വിഭജിച്ചിട്ടുണ്ടെങ്കിലും വൈകല്യത്തിന്റെ സ്വഭാവവും തീവ്രതയും നിർണ്ണയിക്കുന്നതിന് ഐ.ക്യു കൂടാതെ അവരുടെ ശാരീരികവും മനശാസ്ത്രപരവുമായ കുറവുകളും കഴിവുകളും നിർണ്ണയിക്കപ്പെടേണ്ടതുണ്ട്. മേൽ പറഞ്ഞ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ബുദ്ധിമാന്ദ്യമുള്ള ഓരോ കുട്ടിയേയും പൊതുവായി അംഗീകരിക്കപ്പെട്ടതും എളുപ്പമുള്ളതുമായ ഒരു പരിശോധന ക്രമത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യപ്രവർത്തകർ, സൈക്കോളജിസ്റ്റ്, അദ്ധ്യാപകർ, പീഡിയാട്രിഷൻ, സൈക്യാട്രിസ്റ്റ് എന്നിവരടങ്ങുന്ന ഒരു സംഘം പരിശോധനനടത്തി അതിൽ നിന്നും ട്രയിനബിൾ ഗ്രൂപ്പിനെയും എഡ്യൂക്കബിൾ ഗ്രൂപ്പിനെയും നിർണ്ണയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

18. സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, വ്യവസായം തുടങ്ങിയ വിവിധ വകുപ്പുകളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിന് ആവശ്യമായി വരുന്നത്. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പ്രസ്തുത വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പുകൾ തമ്മിൽ പ്രവർത്തനത്തിൽ ഒരു ഏകോപനം ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞില്ല. അതുപോലെ തന്നെ ഒരു വ്യവസ്ഥാപിതമായ പ്രവർത്തന ശൈലി ഇതുമായി ബന്ധപ്പെട്ട് കണ്ടെത്താനും സമിതിക്ക് കഴിഞ്ഞിട്ടില്ല.

19. മേൽ സാഹചര്യത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് മുൻകൈയെടുത്ത് വ്യവസ്ഥാപിതമായ ഒരു പ്രവർത്തന ശൈലിക്ക് രൂപംനൽകണമെന്നും ഇതിൽ സഹകരിപ്പിക്കേണ്ട മറ്റ് വകുപ്പുകളുടെ പങ്കാളിത്തം എപ്രകാരമാണെന്ന് ചർച്ചകൾ നടത്തി തീരുമാനത്തിലെത്തണമെന്നും ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങൾ പീരിയോഡിക്കലായി അവലോകനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. ബുദ്ധിമാന്ദ്യമുള്ളവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം, ഡേകെയർ സെന്ററുകൾ, റസിഡൻഷ്യൽ കെയർ, സാമ്പത്തിക സഹായം, മെഡിക്കൽ ആന്റ് സൈക്യാട്രിക് കെയർ, തൊഴിലവസരങ്ങൾ, നിയമസഹായം എന്നിവ അനിവാര്യമായ ഘടകങ്ങളാണ്.

21. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പഠനത്തിനായി പ്രത്യേക പബ്ളിക് സ്കൂളുകൾ ആരംഭിക്കേണ്ടതും അവർക്ക് സൗജന്യ വിദ്യാഭ്യാസം നൽകേണ്ടതുമാണ്. തീവ്ര പഠന പരിശീലനത്തിലുപരി അവരെ അവരുടെ അഭിരുചിക്കനുസൃതമായും അവരെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടും സാധാരണ കുട്ടികൾക്കൊപ്പം ഇടപഴകാൻ അവസരം നൽകികൊണ്ടുമുള്ള ഒരു വിദ്യാഭ്യാസ രീതിയായിരിക്കണം അവലംബിക്കേണ്ടത്. അതോടൊപ്പം സമൂഹത്തിലെ എല്ലാ നല്ല ഘടകങ്ങളും അവർക്ക് അനുഭവിക്കുന്നതിനുള്ള അവസരം നൽകേണ്ടതുമാണ്.

22. ബുദ്ധിമാന്ദ്യം സംഭവിക്കുന്ന മുഴുവൻ കുട്ടികൾക്കും പരമാവധി നേരത്തെ തന്നെ വിശേഷ വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതും സാധാരണ കുട്ടികളോടൊപ്പം നഴ്സറി തലങ്ങളിൽ ഇടകലർന്ന് പഠിക്കുന്നതിനുള്ള അവസരം നൽകുന്നതും ഗുണകരമായിരിക്കും. മൈൽഡ്, മോഡറേറ്റ്, സിവിയർ വിഭാഗത്തിലുള്ള കുട്ടികൾക്ക് വെങ്ങാനൂരിലെ ബഡ്സ് മാതൃകയിലുള്ള സ്പെഷ്യൽ സ്കൂളുകളാണ് അഭിലഷണീയം. തീവ്രമായ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്പെഷ്യൽ സ്കൂളുകളേക്കാൾ അനുയോജ്യം ഡേ കെയർ സെന്ററുകളാണ്. ഓരോ കുട്ടിയുടേയും വൈകല്യത്തിന്റെ സ്വാഭാവമനുസരിച്ചുള്ള പരിശീലനം ഇത്തരം സെന്ററുകളിൽ ലഭ്യമാക്കണം. സ്പീച്ച് തെറാപ്പിയും ഫിസിയോതെറാപ്പിയും നൽകുന്നതിനുള്ള സൗകര്യവും, കൂടാതെ സംഗീതം, ചിത്രരചന തുടങ്ങിയ വിനോദോപാധികളും ഇത്തരം സെന്ററുകളിൽ ഏർപ്പെടുത്തേണ്ടതാണ്. തീവ്രമായ ബുദ്ധിമാന്ദ്യമുള്ള മുതിർന്നവർക്കു വേണ്ടിയും ഡേ കെയർ സെന്ററുകൾ ആരംഭിക്കേണ്ടതും ഇത്തരം സെന്ററുകളിൽ ഓരോരുത്തരുടേയും വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലന സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്. പരിശീലനം നൽകുന്നതിനായി ക്വാളിഫൈഡ് ആയിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരേയും ട്രേഡ് ഇൻസ്ട്രക്ടർമാരേയും നിയമിക്കുകയും ഇൻസ്ട്രക്ടർമാർക്ക് അർഹമായ വേതനം നൽകുകയും ചെയ്യേണ്ടതാണ്. ഇത്തരം സെന്ററുകൾ വിശ്വാസ്യതയും സേവനതൽപ്പരതയും പുലർത്തുന്ന സർക്കാരിതര സംഘടനകളുടെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതും സർക്കാർ ഇതിന്റെ മേൽനോട്ടം വഹിക്കേണ്ടതുമാണ്. ഇതു കൂടാതെ തീക്ഷ്ണമായ ബുദ്ധിമാന്ദ്യത്തോടൊപ്പം മറ്റ് വൈകല്യങ്ങൾ ബാധിച്ചവരേയും പുനരധിവസിപ്പിക്കുന്നതിനായി റസിഡൻഷ്യൽ സെന്ററുകൾ ആരംഭിക്കേണ്ടതും അവർക്കായി പ്രത്യേക പരിശീലനം നൽകേണ്ടതുമാണ്.

23. ബുദ്ധിമാന്ദ്യമുള്ളവരുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി ധാരാളം പണം ആവശ്യമായി വരും. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് താങ്ങാനാവാത്ത ഭാരമാണ്. ആയതിനാൽ സ്പെഷ്യൽ സ്കൂളുകളിലും റസിഡൻഷ്യൽ സെന്ററുകളിലും ഡേ കെയറുകളിലും പഠിക്കുന്ന മുഴുവൻ പേർക്കും പ്രതിമാസം 4000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കും അവരുടെ ഉന്നമനത്തിനുമായി പൂർണ്ണ സമർപ്പണ മനോഭാവവും സേവനതൽപ്പരതയുമുള്ള ഒരു പ്രൊഫഷണൽ മെഡിക്കൽ ടീം ആവശ്യമാണ്. ഓരോ കുട്ടിയുടേയും കഴിവുകളും കുറവുകളും തിരിച്ചറിഞ്ഞ് ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിലുള്ള ചികിത്സയും പരിശീലനവുമാണ് ലഭ്യമാക്കേണ്ടത്. ബുദ്ധിമാന്ദ്യത്തോടൊപ്പം മാനസിക അസ്വാസ്ഥ്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് അവശ്യം വേണ്ട മരുന്നുകൾ നൽകേണ്ടതാണ്. ബുദ്ധിമാന്ദ്യമുള്ള ഒരു കുട്ടിയുടെ പരിചരണം ഡോക്ടർ, സാമൂഹ്യപ്രവർത്തകൻ, ന്യൂറോളജിസ്റ്റ്, ശിശുരോഗ വിദഗ്ദ്ധൻ, സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, ന്യൂട്രിഷനിസ്റ്റ്, വിദ്യാഭ്യാസ വിദഗ്ദ്ധൻ തുടങ്ങിയവരുടെ മേൽനോട്ടത്തിലായിരിക്കണം. കുടുംബാംഗങ്ങളോടൊപ്പം ഇവർ കുട്ടിയുടെ വ്യക്തിത്വവികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. ജനന സമയത്തു തന്നെ ബുദ്ധിമാന്ദ്യം തിരിച്ചറിഞ്ഞ് മാതാപിതാക്കൾക്കും മറ്റു കുടുംബാംഗങ്ങൾക്കും ആവശ്യമായ കൗൺസിലിംഗ് നൽകേണ്ടതാണ്.



25. ബുദ്ധിമാന്ദ്യം സംഭവിച്ച മുഴുവൻ പേർക്കും പി.എച്ച്.സി./സി.എച്ച്.സി. വഴിയോ ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം വഴിയോ സൗജന്യ ചികിത്സ ലഭ്യമാക്കണമെന്നും D.M.H.P-യുടെ അഭാവത്തിൽ പ്രാദേശിക സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ സേവനം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. പരിശീലനം ലഭിച്ച ബുദ്ധിമാന്ദ്യമുള്ളവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിന് സർക്കാർതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു മെഡിക്കൽ ബോർഡിന്റെ സഹായത്തോടെ ഓരോരുത്തരുടേയും കഴിവുകളും വൈകല്യങ്ങളും പരിഗണിച്ച് ഓരോരുത്തർക്കും അനുയോജ്യമായ തൊഴിലുകൾ ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് അനുരൂപ പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. സ്വയം സംഘടിക്കുവാനും അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി ശബ്ദമുയർത്തുവാനും സാധിക്കാത്ത ഒരു വിഭാഗമാണ് ബുദ്ധിമാന്ദ്യമുള്ളവർ. ഈ അവസ്ഥ മനസ്സിലാക്കി ഇവർക്ക് സൗജന്യ നിയമ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലങ്ങളിൽ ഒരു ലീഗൽ സെൽ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ബുദ്ധിമാന്ദ്യമുള്ളവർക്കായി പ്രവർത്തിക്കുന്ന തിരുവനന്തപുരം പാങ്ങപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റിക്യാപ്പ്ഡ്-നെ ഒരു മികവിന്റെ കേന്ദ്രമെന്ന നിലയിൽ കൂടുതൽ വികസിപ്പിക്കണമെന്നും സ്പെഷ്യൽ സ്കൂളുകളിലേക്കു വേണ്ട അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന കോഴ്സുകൾ ഈ സെന്ററിൽ ആരംഭിക്കണമെന്നും ഇതേ മാതൃകയിലുള്ള കേന്ദ്രങ്ങൾ ഏറ്റവും ചുരുങ്ങിയത് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടി ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

29. ബുദ്ധിമാന്ദ്യമുള്ളവർക്കുവേണ്ടി നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പലതും പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് കാണപ്പെടുന്നത്. സാമ്പത്തികശേഷിയുള്ളവർക്കു മാത്രമേ ഈ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്താൻ സാധിക്കുന്നുള്ളൂ. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണമേഖലയിലെ പാവപ്പെട്ട കുട്ടികൾക്ക് ഇത്തരം സ്കൂളുകൾ അപ്രാപ്യമാണ്. ഈ സാഹചര്യത്തിലാണ് ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ സഹായത്തോടെ ഗ്രാമപ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്കൂൾ ഫോർ ഡിഫറന്റ്ലി ഏബിൾഡ് ചിൽഡ്രൻ 'ബഡ്സ്' എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലാണ് ആദ്യമായി ബഡ്സ് സ്കൂൾ ആരംഭിച്ചത്. 2004 ജൂലായ് 7-ാം തീയതി ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതേ മാതൃകയിൽ 14 ബഡ്സ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചു. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന പാവപ്പെട്ട കുട്ടികളുടെ ആശ്രയകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ് ഇന്ന് ബഡ്സ് സ്കൂളുകൾ.

30. ബഡ്സ് സ്കൂളിന്റെ പ്രത്യേകതയും പ്രാധാന്യവും തിരിച്ചറിഞ്ഞ സമിതി വെങ്ങാനൂരിലെ ബഡ്സ് സ്കൂൾ സന്ദർശിക്കുകയും സ്കൂൾ അധികൃതരുമായും പഞ്ചായത്ത് അധികൃതരുമായും മാതാപിതാക്കളുമായും ചർച്ചകൾ നടത്തുകയും ചെയ്തു.

ഏറെ പ്രതിസന്ധികൾ അഭിമുഖീകരിച്ചുകൊണ്ടാണ് പ്രസ്തുത സ്ഥാപനം മുന്നോട്ട് നീങ്ങുന്നതെന്നും വെങ്ങാനൂർ ബഡ്സ് സ്കൂളിനെ ഒരു മാതൃകാ സ്ഥാപനമായി ഉയർത്തണമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

31. വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്താണ് ബഡ്സ് സ്കൂൾ ആരംഭിച്ചിട്ടുള്ളത്. 40 കുട്ടികളുമായി 2004 ജൂലായ് മാസത്തിൽ പ്രവർത്തനം ആരംഭിച്ച സ്കൂളിൽ ഇപ്പോൾ ബുദ്ധിമാന്ദ്യം, സെറിബ്രൽപാൾസി, ഓട്ടിസം, മൾട്ടിപ്പിൾ ഡിസ്എബിലിറ്റീസ് തുടങ്ങിയവ ബാധിച്ച മൈൽഡ്, മോഡറേറ്റ്, സിവിയർ, പ്രൊഫൗണ്ട് വിഭാഗത്തിലുള്ള 5 മുതൽ 18 വയസ്സുവരെയുള്ള 32 കുട്ടികൾ പഠിക്കുന്നുണ്ട്. ദിവസവും രാവിലെ 9 മണിക്ക് അധികൃതർ വാടകയ്ക്കെടുക്കുന്ന ഒരു വാഹനത്തിൽ കുട്ടികളെ സ്കൂളിലെത്തിക്കുകയും 10 മണി മുതൽ വൈകുന്നേരം 3 മണി വരെ വിവിധ പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. യോഗ, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഗൈഡ് വാക്കിംഗ്, വൈജ്ഞാനിക പ്രവർത്തനങ്ങൾ, സ്കിൽഡ് വർക്കുകൾ, ഗ്രൂപ്പ് വർക്കുകൾ കൂടാതെ സംഗീതം, നൃത്തം തുടങ്ങിയവ സംബന്ധിച്ചും കുട്ടികളുടെ വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് പരിശീലനം നൽകിവരുന്നുണ്ട്.

32. ഒരു പ്രിൻസിപ്പാൾ, രണ്ട് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ(പ്രിൻസിപ്പാൾ ഉൾപ്പെടെ), രണ്ട് അദ്ധ്യാപകർ, മൂന്ന് ആയമാർ, രണ്ട് ഹെൽപ്പർ എന്നിങ്ങനെ 9 ജീവനക്കാരാണ് ഈ സ്കൂളിലുള്ളത്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:5 ആയിരിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ഇവിടെ ഇത് 1:8 എന്ന അനുപാതത്തിലാണുള്ളത്. ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ അഭാവമാണ് പ്രധാന പ്രശ്നം. പ്ലസ്ടൂവും D.M.R. അല്ലെങ്കിൽ DCMRഉം ആണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേണ്ട അടിസ്ഥാനയോഗ്യത. D.M.R. ഒരു വർഷത്തെ കോഴ്സാണ്. സൈക്യാട്രി, സൈക്കോളജി, സോഷ്യോളജി, മെന്റൽ റിട്ടാർഡേഷൻ, ഹെൽത്ത് ആന്റ് ന്യൂട്രീഷൻ എന്നിവയിലാണ് ഈ കോഴ്സിൽ പരിശീലനം നൽകുന്നത്. D.C.M.R. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകരിച്ച രണ്ടു വർഷത്തെ കോഴ്സാണ്. പ്ലസ്ടൂ ആണ് ഇതിനു ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത. സർക്കാർ മേഖലയിൽ ഒന്നും സന്നദ്ധ മേഖലയിൽ 10-ഉം സ്പെഷ്യൽ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്. 440 പേർ മാത്രമാണ് ഒരു വർഷം പരിശീലനം കിട്ടി പുറത്തുവരുന്നത്. കൂടുതൽ പേരും എസ്.എസ്.എ. റിസോഴ്സ് അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനാൽ ബഡ്സ് സ്കൂളുകൾക്ക് ആവശ്യത്തിന് അദ്ധ്യാപകരെ ലഭിക്കുന്നില്ല. സംസ്ഥാനത്താകെ 6000 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ വേണമെന്നിരിക്കെ ഇപ്പോൾ ലഭ്യമായിട്ടുള്ളത് 1500 പേർ മാത്രമാണ്. ആയതിനാൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ വാർത്തെടുക്കുന്നതിനായി ഡയറ്റുകളിലും ബി.എഡ്.സെന്ററുകളിലും അഡീഷണൽ ബാച്ചുകൾ ആരംഭിക്കണമെന്നും നിലവിൽ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന നോൺ ക്വാളിഫൈഡ് ടീച്ചേഴ്സിന് വിദ്യാഭ്യാസ വകുപ്പു മുഖേന റിഹാബിലിറ്റേഷൻ കൗൺസിൽ അംഗീകരിക്കുന്ന ഹ്രസ്വകാല പരിശീലനം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

33. ബഡ്സ് സ്കൂൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള പ്രധാന തടസ്സം മതിയായ ഫണ്ടിന്റെ അഭാവമാണ്. വെങ്ങാനൂർ ബഡ്സ് സ്കൂളിന്റെ പ്രധാന സാമ്പത്തിക ഉറവിടം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടാണ്. അഭ്യൂദയകാംക്ഷികളിൽ നിന്നുള്ള സംഭാവനകളും സ്വീകരിക്കുന്നുണ്ട്. 11-ാം പദ്ധതി മാർഗ്ഗരേഖ സബ്സിഡി



മാനദണ്ഡം അനുസരിച്ച് സ്കോളർഷിപ്പ്, ഓണറേറിയം എന്നിവ നൽകാമെങ്കിലും ഫണ്ടിന്റെ ലഭ്യത കുറവാണ്. സാമൂഹ്യപങ്കാളിത്തവും സംഭാവനകളും വേണ്ടത്ര ലഭിക്കുന്നതുമില്ല. ഈ കുറവ് പരിഹരിക്കുന്നതിനായി ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

34. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർവ്വേ പ്രകാരം ലഭിക്കുന്ന പട്ടിക അവശ്യവിശകലനം നടത്തി ത്രിതല പഞ്ചായത്ത് പ്ലാൻ ഫണ്ട് സംയോജിപ്പിക്കുകയും ബഡ്സ് സ്കൂൾ ചെലവുകൾ 5:3:2 എന്ന അനുപാതത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വഹിക്കുമെന്ന് ഉറപ്പാക്കുകയും അതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാൻ ഫണ്ട് വിനിയോഗം സംബന്ധിച്ച് ആവശ്യമായ ഉത്തരവുകൾ നൽകണമെന്നും ഇതിനോടൊപ്പം തദ്ദേശസ്ഥാപനങ്ങൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

35. കൂടാതെ ബഡ്സ് സ്കൂൾ ചെലവുകൾ നിർബന്ധിത ചെലവുകളായി നിശ്ചയിക്കുക, പഞ്ചായത്തുകൾക്ക് പുറമേ നിന്നും വിഭവസമാഹരണം സാധ്യമാക്കുന്ന രീതിയിൽ ബഡ്സ് വികസന മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കുവാൻ അംഗീകാരം നൽകുക, ബഡ്സ് സ്കൂളുകളുടെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച് കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയം, സർവ്വശിക്ഷ അഭിയാൻ എന്നിവയിൽ നിന്നും ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക എന്നീ കാര്യങ്ങൾ അടിയന്തിരമായി ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

36. പഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് നൽകാവുന്ന ഉയർന്ന ഓണറേറിയം 3000 രൂപയും കുറഞ്ഞ നിരക്ക് 1500ഉം ആയി നിജപ്പെടുത്തിയിരിക്കുന്നു. വെങ്ങാനൂർ ബഡ്സ് സ്കൂളിൽ പ്രിൻസിപ്പാൾ-3000 രൂപ, അദ്ധ്യാപകർ-2000 രൂപ, ആയ-1500 രൂപ, ഹെൽപ്പർ-1000 രൂപ എന്നിങ്ങനെ പ്രതിമാസം നൽകിവരുന്നു. പലയിടത്തും ഈ തുക പോലും അനുവദിക്കുന്നില്ല. ഉയർന്ന യോഗ്യതയുള്ളവർക്ക് കൂടുതൽ തുക നൽകുവാൻ ഈ നിബന്ധനമൂലം സാധിക്കുകയുമില്ല. ആയതിനാൽ ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്ലാൻ ഫണ്ടിൽ നിന്നും നൽകാവുന്ന നിരക്കിലധികം പൊതുസംഭാവന സമാഹരണം വഴി നൽകാൻ മാനേജിംഗ് കമ്മിറ്റികൾക്ക് അനുവാദം നൽകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. വെങ്ങാനൂർ ബഡ്സ് സ്കൂളിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകയുടെ സിംഹഭാഗവും വാഹനവാടകയിനത്തിലാണ് ചെലവാകുന്നത്. പ്രതിമാസം 24,000 രൂപ ഇതിനായി ചെലവഴിക്കുന്നു. പഞ്ചായത്ത് വകയിരുത്തിയ വാർഷിക ബഡ്ജറ്റ് 3.6 ലക്ഷം രൂപയാണ്. എന്നാൽ ശരിയായ വിധം സ്കൂൾ പ്രവർത്തിപ്പിക്കണമെങ്കിൽ 10.5 ലക്ഷം രൂപ ആവശ്യമായി വരും. അപ്പോൾ ബഡ്ജറ്റ് കുറവ് 6,90,000 രൂപയാണ്. ബഡ്സ് സ്കൂളുകളുടെ ഒരു വർഷത്തെ നടത്തിപ്പിനാവശ്യമായ തുക (ഏറ്റവും കുറഞ്ഞത്) വെങ്ങാനൂർ ബഡ്സ് സ്കൂളിനെ അടിസ്ഥാനമാക്കി പഠനം നടത്തിയതിന്റെ വിശദമായ സ്റ്റേറ്റ്മെന്റും പഠനത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് സ്കൂളുകൾക്ക് ഒരു വർഷം ആവശ്യമായ ഏറ്റവും കുറഞ്ഞ തുകയും പഞ്ചായത്ത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും തമ്മിലുള്ള അന്തരം കാണിക്കുന്ന പട്ടികയും അനുബന്ധമായി ചേർത്തിരിക്കുന്നു. എന്നാൽ സൗകര്യങ്ങളുടേയും ഫണ്ടിന്റേയും അപര്യാപ്തത ഉണ്ടെങ്കിലും വെങ്ങാനൂർ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ട് നീങ്ങുന്നുവെന്നതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തി.

38. വെങ്ങാനൂർ ബഡ്സ് സ്കൂളിനെ ഒരു മോഡൽ സ്കൂളായി വികസിപ്പിക്കുന്നതിന് പ്രസ്തുത സ്കൂളിൽ ഒട്ടേറെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. പ്രത്യേകം വേർതിരിച്ച ക്ലാസ്മുറികൾ, തെറാപ്പി മുറികൾ, റിക്രിയേഷൻ ഹാൾ, സ്റ്റാഫ് റൂം, ഓഫീസ് റൂം, ടോയ്‌ലറ്റുകൾ എന്നിവ നിർമ്മിക്കേണ്ടതും ആവശ്യമായ ഫർണിച്ചറുകളും തെറാപ്പികൾക്കാവശ്യമായ ഉപകരണങ്ങളും, പഠനോപകരണങ്ങളും കുട്ടികൾക്കും സ്റ്റാഫിനുമുള്ള യൂണിഫോമുകളും ലഭ്യമാക്കേണ്ടതുമാണ്. ഇതിനായി എസ്.എസ്.എ. ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്ന നോൺ റെക്കറിംഗ് വസ്തുക്കൾ നൽകാവുന്നതാണ്. കൂടാതെ സംയോജിത പ്രോജക്ടുകൾ വഴിയും വികസന കമ്മിറ്റി വഴിയും പരിഹാര നടപടി സ്വീകരിക്കാവുന്നതുമാണ്. വിദ്യാഭ്യാസ വകുപ്പ് എസ്.എസ്.എ. വഴിയുള്ള ഫണ്ടും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

39. ബഡ്സ് സ്കൂളിലെ അന്തേവാസികൾക്ക് വിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലുകളിൽ വ്യവസായ വകുപ്പുമായി സഹകരിച്ച് പരിശീലനം നൽകേണ്ടതും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യേണ്ടതാണ്.

40. ക്വാളിഫൈഡ് ആയിട്ടുള്ള സ്പെഷ്യൽ ടീച്ചേഴ്സിന്റെ സേവനം 1:5 എന്ന അനുപാതത്തിൽ ഉറപ്പുവരുത്തണമെന്നും പ്രിൻസിപ്പാൾ, സ്പെഷ്യൽ ടീച്ചർ, ആയ, ഹെൽപ്പർ എന്നിങ്ങനെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ശമ്പള സ്കെയിലുകൾ നിശ്ചയിച്ച് സ്ഥിരനിയമനം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇത്തരത്തിലുള്ള മാറ്റം അവരുടെ ഭാഗത്തു നിന്നുള്ള ആത്മാർത്ഥതയും അർപ്പണമനോഭാവവും വളർത്തുന്നതിന് സഹായിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം മണിക്കൂറിന് 150 രൂപ നിരക്കിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

41. വെങ്ങാനൂർ ബഡ്സ് സ്കൂളിനെ സംബന്ധിച്ചിടത്തോളം ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും വാഹന വാടകയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നു എന്നുള്ളതിനാൽ കുട്ടികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും ആരോഗ്യ വകുപ്പുമായി സഹകരിച്ച് എൻ.ആർ.എച്ച്.എം. പദ്ധതി വഴിയോ മറ്റേതെങ്കിലും വിധത്തിലോ അനുയോജ്യമായ ഒരു വാഹനം സ്കൂളിന് ലഭ്യമാക്കണമെന്നും ഇന്ധനചെലവും ഡ്രൈവറുടെ ശമ്പളവും പഞ്ചായത്ത് വഹിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. വാഹനസൗകര്യം ഒരു വ്യവസ്ഥാപിത പദ്ധതിയാക്കി മാറ്റണമെന്നും ഇതിനായി തുക ബജറ്റിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

42. ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ സംബന്ധിച്ചിടത്തോളം അവർക്ക് എപ്പോഴും മെഡിക്കൽ കെയറും സൈക്യാട്രിക് കെയറും ആവശ്യമായി വരുന്ന ഘടകങ്ങളാണ്. ഇവ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുമായി സഹകരിച്ച് സമീപത്തെ കമ്മ്യൂണിറ്റി സെന്ററിൽ നിന്നുള്ള മെഡിക്കൽ സംഘത്തിന്റെ സേവനവും കൂടാതെ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഒരു മൊബൈൽ ടീമിന്റെ സേവനവും യഥാസമയം സ്കൂൾ സന്ദർശിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.



43. എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും 1995-ലെ വികലാംഗ നിയമത്തിലെ ചാപ്റ്റർ X അനുസരിച്ചുള്ള അംഗീകാരം ലഭിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പാണ് അംഗീകാരം നൽകേണ്ടത്. 2005 ജനുവരി 18 മുതലാണ് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിലേക്ക് രജിസ്ട്രേഷൻ അടക്കമുള്ള ഭരണപരമായ കാര്യങ്ങൾ വന്നത്. അതിനു ശേഷം മാത്രമാണ് ബഡ്സ് സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. 31-3-1999-ലെ ജി.ഒ.(പി)74/99/ജി/ഇ.ഡി.യു. നമ്പർ ഉത്തരവ് പ്രകാരം സന്നദ്ധ സംഘടനകളെ ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്നതിന് പഞ്ചായത്തുകൾ ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ആയതിനാൽ വ്യവസ്ഥകളിൽ ഇളവു നൽകി പഞ്ചായത്തുകളും കുടുംബശ്രീയും നൽകുന്ന അപേക്ഷകൾ അംഗീകരിച്ച് ഉടൻ സർട്ടിഫിക്കറ്റ് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. ഒട്ടേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ ഉന്നത നിലവാരം പുലർത്തുന്നുണ്ടോയെന്നത് സംശയമാണ്. ഇതിന്റെ പ്രധാന കാരണം ബഡ്സ് സ്കൂൾ പ്രവർത്തനങ്ങളെ സംബന്ധിച്ചോ പരിശീലന രീതികളെ സംബന്ധിച്ചോ ആവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടില്ല എന്നതാണ്. ആയതിനാൽ ഈ രംഗത്തെ വിദഗ്ദ്ധരുടെ സഹായത്തോടെ സ്കൂൾ മാനേജ്മെന്റ്, മാനേജിംഗ് കമ്മിറ്റി, കരിക്കുലം, മിനിമം നിലവാരം, ചുമതലകൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി ബഡ്സ് സ്കൂളിന്റെ പ്രവർത്തനം എന്ത്, എന്തിന്, എങ്ങനെ എന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശവും അതനുസരിച്ചുള്ള പരിശീലനവും ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45. ആവശ്യകതാ പഠനം നടത്താതെ പല പഞ്ചായത്തുകളും അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നുണ്ട്. പരിശീലനം ലഭിച്ച അദ്ധ്യാപകരോ ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ആരോഗ്യ പരിപാലനം, കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങളോ ഏർപ്പെടുത്താതെ ഒരേ ബ്ലോക്കിൽ തന്നെയുള്ള പല പഞ്ചായത്തുകളും സ്ഥാപനങ്ങൾ തുടങ്ങുന്നുണ്ട്. ജില്ലാതലത്തിൽ ഇതു സംബന്ധിച്ച് യാതൊരു ഏകോപന പ്രവർത്തനവും നടക്കുന്നില്ല. ഇതിന്റെയൊക്കെ ഫലമായി സ്കൂളുകൾക്ക് നിശ്ചിത നിലവാരം ഉറപ്പാക്കാൻ കഴിയുന്നില്ല. ആയതിനാൽ സ്കൂളുകൾ ആരംഭിക്കുന്നതിന് മുൻപ് സാധ്യതാപഠനം നടത്തിയശേഷം അടിസ്ഥാന സൗകര്യങ്ങളും വിഭവലഭ്യതയും ഉറപ്പാക്കാൻ ത്രിതല പഞ്ചായത്ത് അധികൃതർ ഒന്നിച്ചിരുന്ന് ബഡ്സ് സ്കൂൾ നടത്തിപ്പ്, സാമ്പത്തിക ലഭ്യത എന്നിവ ഉറപ്പാക്കേണ്ടതാണ്. കൂടാതെ പരിശീലനം ലഭിച്ച അദ്ധ്യാപകർ, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സൈക്യാട്രി, ആരോഗ്യ പരിപാലനം, ന്യൂട്രീഷൻ, കൗൺസിലിംഗ് തുടങ്ങിയ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്. വിവിധ വകുപ്പുകളുടെ സേവനം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ ഒരു കോ-ഓർഡിനേഷനും വിലയിരുത്തൽ സംവിധാനവും ഉണ്ടാക്കേണ്ടതുമാണ്.

46. ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് ശരിയായ വിധത്തിലുള്ള പോഷണം, ആരോഗ്യ സംരക്ഷണം, മാർഗ്ഗനിർദ്ദേശം, കുടുംബസഹായ സേവനം തുടങ്ങിയവ പൂർണ്ണതോതിൽ ലഭ്യമാക്കേണ്ടതാണ്. സേവനങ്ങൾ ലഭ്യമാക്കുന്ന വകുപ്പുകൾക്ക് ഇക്കാര്യത്തിൽ

വ്യക്തമായ നിർദ്ദേശമോ ഏകോപനമോ ഇല്ല. അതുമൂലം ലഭ്യമാകേണ്ട സഹായം പൂർണ്ണമായും ലഭിക്കുന്നില്ല. ആയതിനാൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, കുടുംബശ്രീ, തദ്ദേശം എന്നിവയുടെ ഏകോപന സമിതി രൂപീകരിക്കുകയും ഏകോപിത പ്രവർത്തനത്തിനുള്ള നടപടി ആവിഷ്കരിക്കുകയും അതോടൊപ്പം വിദഗ്ദ്ധസേവനം, മാനസികാരോഗ്യ സേവനം, ആരോഗ്യ പരിശോധന, ഉച്ചഭക്ഷണ പരിപാടി എന്നിവയെല്ലാം വിവിധ ഏജൻസികളുടെ സംയോജിത ശ്രമം വഴി സാധ്യമാകത്തക്കവിധം കർമ്മ പദ്ധതിക്ക് രൂപം നൽകുകയും ലഭ്യമാക്കുകയും ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

47. വേണ്ടത്ര പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും സാധ്യതാപഠനം നടത്തുകയും ചെയ്തശേഷം ത്രിതല പഞ്ചായത്തുകളും കുടുംബശ്രീയും സഹകരിച്ച് വെങ്ങാനൂർ ബഡ്സ് സ്കൂളിന്റെ മാതൃകയിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി ബഡ്സ് സ്കൂൾ ആരംഭിക്കണമെന്നും തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയോജിത പ്രോജക്ടായി ഇതു തുടങ്ങാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

48. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിൽ പലതിനും സർക്കാർ ഗ്രാന്റോ വിദേശസഹായമോ മറ്റ് ഏതെങ്കിലും ഏജൻസികളിൽ നിന്നുള്ള സഹായങ്ങളോ ലഭിച്ചുവരുന്നുമുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ചോ, പ്രവർത്തനരീതി സംബന്ധിച്ചോ ബന്ധപ്പെട്ട വകുപ്പുകൾക്ക് വേണ്ടത്ര ധാരണയുണ്ടെന്ന് തോന്നുന്നില്ല. ആയതിനാൽ ബുദ്ധിമാന്ദ്യമുള്ളവരെ താമസിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ ഉള്ള മുഴുവൻ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നൽകുന്നതിന് നിലവിലുള്ള സ്ഥലപരിധിയുടെ കാര്യത്തിൽ ഇളവുകൾ അനുവദിക്കണമെന്നും പരമാവധി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. എല്ലാ ബഡ്സ് സ്കൂളുകൾക്കും നിയമാനുസൃതമുള്ള രജിസ്ട്രേഷൻ/ അംഗീകാരം ഉറപ്പുവരുത്തണമെന്നും എല്ലാ സ്ഥാപനങ്ങൾക്കും ഒരേ പോലെ ബാധകമാകത്തക്കവിധത്തിലുള്ള പൊതുവായ ഒരു ഗൈഡ്ലൈൻ ഏർപ്പെടുത്തണമെന്നും ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ മേൽനോട്ടം വഹിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

49. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ ഉണ്ടാകുന്ന പുതിയ മാറ്റങ്ങളെപ്പറ്റി നിരീക്ഷിക്കുന്നതിനും താരതമ്യപഠനം നടത്തുന്നതിനും പ്രസ്തുത മാറ്റങ്ങൾക്കനുസരിച്ച് വേഗം പ്രതികരിക്കുന്നതിനുംഉള്ള നൂതന സംവിധാനങ്ങൾ ഉണ്ടാകേണ്ടതാവശ്യമാണ്.

50. ബുദ്ധിമാന്ദ്യമുള്ള കുഞ്ഞുങ്ങളെ അവരുടെ ശൈശവാവസ്ഥയിലും കൗമാരാവസ്ഥയിലും ബഡ്സ് മോഡൽ സ്കൂളുകൾ വഴിയും സമാന സ്ഥാപനങ്ങൾ വഴിയും വിദ്യാഭ്യാസവും സംരക്ഷണവും നൽകാമെങ്കിലും തുടർന്നുള്ള ജീവിതാവസ്ഥയിൽ ഒരു സ്ഥിരമായ സംരക്ഷണ സംവിധാനം ഏർപ്പെടുത്തി നിലനിറുത്തേണ്ടത് ഒരു സാമൂഹ്യമായ കടപ്പാടാണ്. ഇത്തരക്കാരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ഉചിതവും സുസ്ഥിരവുമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ടെന്ന് സമിതി സർക്കാരിനെ ഓർമ്മപ്പെടുത്തുന്നു.



51. വളരെ ചെറുപ്രായത്തിലുള്ള കുട്ടികളുടെ വളർച്ചാപരമായ പ്രശ്നങ്ങൾ മാതാപിതാക്കൾക്ക് എളുപ്പം കണ്ടുപിടിക്കാൻ സാധിച്ചു എന്നുവരില്ല. ഡോക്ടർമാരും പരിശീലനം ലഭിച്ച വ്യക്തികളും ക്രമമായി ഡവലപ്മെന്റൽ ടെസ്റ്റ് നടത്തി പ്രശ്നങ്ങൾ കണ്ടുപിടിക്കേണ്ടതാണ്. NIMHANS ബാംഗ്ലൂർ, NIMH ഹൈദ്രാബാദ് എന്നിവിടങ്ങളിലുള്ളതുപോലെ മൾട്ടിഡിസിപ്ലിനറി-അക്കാദമിക്-റിസർച്ച്-പേഷ്യന്റ് കെയർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ ഉള്ള ഒരു സ്ഥാപനം കേരളത്തിലും ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കും.

52. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്നതായിട്ടാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ഇതിന്റെ കാരണം ശാസ്ത്രീയമായി തന്നെ കണ്ടെത്തിയാലേ ശാശ്വത പരിഹാരങ്ങൾ നിർദ്ദേശിക്കാനാവൂ. ആയതിനാൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വർദ്ധനവിന്റെ തോത്, കാരണങ്ങൾ എന്നിവ ശാസ്ത്രീയമായി കണ്ടെത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള സംവിധാനം സർക്കാർ തലത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് സമിതി ശുപാശ ചെയ്യുന്നു.

53. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ നമ്മുടെ സംസ്ഥാനം എന്നും മാതൃകാപരമായ നയങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരം നയങ്ങൾ ലോകജനതയുടെയിടയിൽ കേരളത്തിന് സവിശേഷസ്ഥാനം നൽകിപ്പോരുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് നാം അനുവർത്തിക്കുന്ന ഓരോ നടപടികളും വ്യക്തവും ഫലപ്രദവുമായ വിധത്തിലുള്ളതായിരിക്കണമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ. കുട്ടി അഹമ്മദ് കുട്ടി,
*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
14-7-2009.

## അനുബന്ധം

ബഡ്സ് സ്കൂൾ നടത്തിപ്പിന് ആവശ്യമായ കുറഞ്ഞ തുകയും , പഞ്ചായത്തുകൾ വകയിരുത്തിയിരിക്കുന്ന തുകയും തമ്മിലുള്ള അന്തരം
(കേസ് സ്റ്റഡി റിപ്പോർട്ട്, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്)

| | | | | |
|---|---|---|---|---|
| സ്ഥാപനം | : | ബഡ്സ് സ്പെഷ്യൽ സ്കൂൾ, വെങ്ങാനൂർ, തിരുവനന്തപുരം | | |
| കുട്ടികളുടെ എണ്ണം | : | എൻറോൾഡ് | – | 40 |
| | | അറ്റൻഡിംഗ് | – | 31 |
| അദ്ധ്യാപകർ | : | | | 4 |
| അനദ്ധ്യാപകർ | : | | | 3 |

**നിലവിലുള്ള സേവനങ്ങൾ**

(a) പരിശീലനം :

(i) 6-18 വയസ്സ് വിഭാഗം-അക്കാഡമിക് പരിശീലനം

(ii) 18-23 വിഭാഗം-വൊക്കേഷണൽ പരിശീലനം

(iii) സിവിയർ പ്രൊഫൗണ്ട് വിഭാഗത്തിനും 23 കഴിഞ്ഞവർക്കും കെയർ

(b) പോഷകാഹാര വിതരണം :

(i) രാവിലെ-200 എം. എൽ. പാൽ ലഘുഭക്ഷണം

(ii) ഉച്ചയ്ക്ക്-ഉച്ചക്കഞ്ഞി/ഊണ്

യഥാർത്ഥത്തിൽ ഒരു വർഷത്തേക്ക് ആവശ്യമായ ഫണ്ട് :

ഓണറേറിയം : 3000 * 4 * 12 = 144000

ഓണറേറിയം : 1500 * 3 * 12 = 54000

ആകെ : = 198000

ഭക്ഷണം- ലഘുഭക്ഷണം 8 രൂപയും ഉച്ചഭക്ഷണം 10 രൂപയും പ്രകാരം 40 കുട്ടികൾക്ക് 18 രൂപപ്രകാരം 300 ദിവസം :

* 40 * 18 * 300 = 2,16,000

കണ്ടിജൻസി ചെലവ് = ഒരു കുട്ടിക്ക് 1200 രൂപ പ്രകാരം

1200*40 = 48,000

ഗതാഗതം = ഒരു കുട്ടിക്ക് 600 രൂപ പ്രകാരം 40 പേർക്ക് മാസം

24000*12 = 2,88,000



സ്കോളർഷിപ്പ് = 750*40*10 = 3,00,000

ആകെ (ഉദ്ദേശത്തുക പ്രതിവർഷം) = 10,50,000

വകയിരുത്തിയിട്ടുള്ളത് = 3,60,000

ബഡ്ജറ്റ് കുറവ് = 6,90,000

5:3:2 എന്ന അനുപാതത്തിൽ ഈ ചെലവുകൾ വിഭജിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| ഉദാ : | ഗ്രാമപഞ്ചായത്ത് | = | 525000 |
| | ബ്ലോക്ക് | = | 315000 |
| | ജില്ലാപഞ്ചായത്ത് | = | 210000 |
| | | | 1050000 |

കൂടാതെ പുറമേ നിന്നും വിഭവസമാഹരണ സാധ്യതകളുമുണ്ട്. നിലവിൽ ഓണറേറിയം വെട്ടിക്കുറച്ചും കുട്ടികളുടെ എണ്ണം കുറച്ചും പ്രതിവിധി തേടുകയാണ്.

അനുബന്ധം

**നിലവിൽ കുടുംബശ്രീ മുഖേന ആരംഭിച്ച ബഡ്സ് സ്കൂളുകളുടെ നടത്തിപ്പിന് ആവശ്യമായ കുറഞ്ഞ തുക സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | സ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് | സ്ഥാപനം ആരംഭിച്ച വർഷം | അദ്ധ്യാപകർ (@ 3000 രൂപ പ്രതിമാസം) | | അനദ്ധ്യാപകർ (@1500 രൂപ പ്രതിമാസം) | | കുട്ടികളുടെ എണ്ണം | കുട്ടികൾക്ക് ഭക്ഷണത്തിന് ആവശ്യമായ തുക (@ 18 രൂപ 300) | ഗതാഗതം (600 രൂപ :12 മാസം) | കണ്ടിജൻസി ചെലവ് (@ 1200 രൂപ പ്രതി വർഷം) | സ്കോളർഷിപ്പ് (@ 750 രൂപ പ്രകാരം 10 മാസം) | ആകെ ആവശ്യമായ തുക | പഞ്ചായത്ത് ബഡ്ജറ്റിൽ വകയിരുത്തിയ തുക | ബഡ്ജറ്റ് ഗ്യാപ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | എണ്ണം | വേതനം | എണ്ണം | വേതനം | | | | | | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | വെങ്ങാനൂർ | 2004 | 4 | 144000 | 3 | 54000 | 40 | 216000 | 288000 | 48000 | 300000 | 1050000 | 360000 | 690000 |
| 2 | ശൂരനാട് സൗത്ത് | – | 3 | 108000 | 3 | 54000 | 25 | 135000 | 180000 | 30000 | 187500 | 694500 | 180000 | 514500 |
| 3 | തണ്ണീർമുക്കം | – | 3 | 108000 | 3 | 54000 | 25 | 135000 | 180000 | 30000 | 187500 | 694500 | 180000 | 514500 |
| 4 | ചൂർണ്ണിക്കര | 1/4/2007 | 3 | 108000 | 3 | 54000 | 31 | 167400 | 223200 | 37200 | 232500 | 822300 | – | 822300 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | കാവിലുംപാറ | 4/1/1998 | 3 | 108000 | 3 | 54000 | 25 | 135000 | 180000 | 30000 | 187500 | 694500 | 55000 | 639500 |
| 6 | ഫറോക്ക് | 1/8/1995 | 2 | 72000 | 2 | 36000 | 22 | 118800 | 158400 | 26400 | 165000 | 576600 | 188000 | 388600 |
| 7 | കരിവള്ളൂർ | 5/11/2008 | 3 | 108000 | 3 | 54000 | 25 | 135000 | 180000 | 30000 | 187500 | 694500 | – | 694500 |
| 8 | പാട്യം | 17/3/2008 | 3 | 108000 | 3 | 54000 | 26 | 140400 | 187200 | 31200 | 195000 | 715800 | – | 715800 |
| 9 | മങ്ങാട്ടിടം | 12/2/2005 | 3 | 108000 | 3 | 54000 | 32 | 172800 | 230400 | 38400 | 240000 | 843600 | 300000 | 543600 |
| 10 | വേങ്ങോട് | – | 2 | 72000 | 2 | 36000 | 22 | 118800 | 158400 | 26400 | 165000 | 576600 | 300000 | 276600 |